**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1320** **18-01-2021 - ൽ മറുപടിയ്ക്ക്**

**ലഹരി വിരുദ്ധബോധവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | ലഹരി ഉപയോഗം സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ വ്യാപിക്കുന്നത് തടയുന്നതിന്റെ ഭാഗമായി ലഹരി വിരുദ്ധ ബോധവൽക്കരണം പാഠ്യ പദ്ധതിയുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ലഹരി വിരുദ്ധ മനോഭാവം കുട്ടികളിൽ വളർത്തുന്നതിന് ഉദ്ദേശിച്ച് നിരവധി പ്രവർത്തനങ്ങളും പരാമർശനങ്ങളും വിവരങ്ങളും പാഠപുസ്തകത്തിൽ ഉൾക്കൊ ള്ളിച്ചിട്ടുണ്ട്. ഇത് ഒരു പ്രത്യേക പാഠഭാഗം എന്ന നിലയിലല്ല, മറിച്ച് വിവിധ വിഷയങ്ങളിൽ ഉചിതമായ പഠനസന്ദർഭ ങ്ങളോട് ചേർത്ത് വിനിമയം ചെയ്യുന്ന രീതിയാണ് പാഠ്യപദ്ധതി പിന്തുട രുന്നത്. ക്ലാസ് റൂമിലെ വിവിധ ബന്ധിത പ്രവർത്തനങ്ങൾ കൂടാതെ ദിനാചരണ ങ്ങൾ, മത്സരങ്ങൾ എന്നിവയോടനുബന്ധി ച്ചും പല തലങ്ങളിലുള്ള ബോധവത്കരണ പരിപാടികൾ നടന്നുവരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലെ മുൻകൈ, പങ്കാളിത്തം എന്നിവ നിരന്തര മൂല്യനിർണയത്തിൽ പരിഗണിക്കുന്നതുമാണ്. |
| (ബി) | സ്കൂളുകളിൽ നടത്തിവരുന്ന ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ കാര്യക്ഷമമാക്കി ലഹരിവിരുദ്ധ മുന്നേറ്റത്തിന് പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടൊ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ലഹരി വരുദ്ധ ബോധവത്കരണ പരിപാടി കൾ കൂടുതൽ ഫലപ്രദമാക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസ് (NISD) യുമായി ചേർന്ന് വിപുലമായ പരിപാടി ആരംഭിച്ചിട്ടുണ്ട്. പൊതുസമൂഹത്തെക്കൂടി ഈ യജ്ഞത്തിൽ പങ്കാളികളാക്കുന്ന തരത്തിൽ ആസൂത്രണം ചെയ്തിട്ടുള്ള ഈ പരിപാടിക്കായി പ്രത്യേക പ്രവർത്തന പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. വയനാട് ജില്ല കേന്ദ്രീകരിച്ച് ആദ്യഘട്ട പരിശീലന പരിപാടി ആരംഭിച്ചുവെങ്കിലും കോവിഡ് വ്യാപനത്തെത്തുടർന്ന് പരിശീലന പരിപാടി നിർത്തി വയ്ക്കേണ്ടി വന്നു. സാഹചര്യങ്ങൾ അനുകൂലമാകുന്ന മുറയ്ക്ക് ഈ പരിപാടി പൂർത്തീകരിക്കാനും, ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് ജില്ലകളിലേക്കും പരിപാടി വ്യാപിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ 1396 ഹയർ സെക്കന്ററി സ്കൂളുകളിൽ സൗഹൃദ ക്ലബിന്റെ ഭാഗമായി വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് ലഹരി പദാർത്ഥങ്ങളുടെ ദോഷവശങ്ങളെ ക്കുറിച്ചുള്ള |

| | | | |
|---|---|---|---|
| | | | ക്ലാസ്സുകൾ നൽകുന്നുണ്ട്. കൂടാതെ കൗമാരക്കാരുടെ ശാക്തീകരണ ത്തിനായി എച്ച്.എസ്.എസിൽ പ്രവർത്തി ക്കുന്ന സൗഹൃദ ക്ലബിന്റെ മുഴുവൻ കോ-ഓർ ഡിനേറ്റർമാർക്കും 2018-19 ൽ ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ചും അതിന്റെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് ഒരു വിദഗ്ധ പരിശീലനം ഹയർ സെക്കന്ററി ഡയറക്ടറേറ്റ് നൽകിയിരുന്നു. തെരഞ്ഞെടുക്കപ്പെട്ട സൗഹൃദ കോ-ഓർഡിനേറ്റർമാർക്ക് ബാംഗ്ലൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ് (NIMHANS), നിന്നും വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. 2020 ഡിസംബറിൽ സംസ്ഥാനത്തെ മുഴുവൻ സൗഹൃദ കോ-ഓർഡിനേറ്റർമാർക്കും വെർച്വൽ പ്ലാറ്റ്ഫോമിലൂടെ നൽകിയ 'കൗമാരക്കാരുടെ മാനസികാരോഗ്യം' എന്ന വിഷയത്തിലുള്ള പരിശീലനത്തിലും കൗമാര ക്കാരിലെ ലഹരി ഉപയോഗം തടയുന്നതു മായി ബന്ധപ്പെട്ട് ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധം നൽകിയിട്ടുണ്ട്. സൗഹൃദ ക്ലബുള്ള 1650 ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും തെരഞ്ഞെ ടുത്ത 2 വീതം കുട്ടികൾക്ക് സ്റ്റുഡൻസ് ട്രെയിനിംഗിന്റെ ഭാഗമായി ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങളെപ്പറ്റിയും അതുയർത്തുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ചും പരിശീലനം നൽകി. കൂടാതെ സൗഹൃദ ക്ലബിന്റെ ഡ്രോപ് ബോക്സിൽ ലഹരിപദാർത്ഥങ്ങളുമായി ബന്ധപ്പെട്ട പരാതികൾ എക്സൈസ് വകുപ്പിന് കൈമാറാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം തടയുന്നതിന് എക്സൈസ്, പോലീസ്, ആരോഗ്യം, തദ്ദേശസ്വയം ഭരണം എന്നീ വകുപ്പുകളുടെ ഏകോപനം സ്കൂളുകളിൽ സാധ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ